**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 589 — 13.01.2021-ലെ മറുപടിയ്ക്ക്

## ചേലാട് സ്റ്റേഡിയ നിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ആന്റണി ജോൺ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| (എ) | കോതമംഗലം മണ്ഡലത്തിൽ 15.83 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭ്യമായിട്ടുള്ള ചേലാട് സ്റ്റേഡിയത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ), (ബി), (സി) & (ഡി) | കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ ഉൾപ്പെട്ട കോതമംഗലം ചേലാട് പോളിടെക്നിക് ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് മുമ്പ് സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. കോവിഡ്-19 ന്റെ വ്യാപനത്തിനെ തുടർന്നുള്ള നിയന്ത്രണങ്ങൾ കാരണം സാങ്കേതികാനുമതി നേടുന്നതിനുള്ള കാലതാമസം നേരിട്ടിട്ടുണ്ട്. ഈ മാസം ചേരുന്ന കിഫ്ബി പദ്ധതികളുടെ സാങ്കേതിക സമിതിയിൽ പ്രസ്തുത പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി സമർപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സ്റ്റേഡിയ നിർമ്മാണത്തിനായി നിർവ്വഹണ ഏജൻസി ആയ കിറ്റ്കോ ലിമിറ്റഡ് വിശദമായ ഡി.പി.ആർ. തയ്യാറാക്കി സാങ്കേതിക അനുമതിക്കായി സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നറിയിക്കാമോ ; | | |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക അനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | | |
| (ഡി) | സാങ്കേതിക അനുമതി ലഭ്യമാക്കി സ്റ്റേഡിയ നിർമ്മാണം വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**